# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2823** **13/07/2015-ന് മറുപടിക്ക്**

## ഭരണഭാഷ മലയാളത്തിലാക്കിയതിന്റെ അവലോകനം

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.കുഞ്ഞിരാമൻ

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മലയാളമാക്കിയതിനു ശേഷം നിലവിലുള്ള ഏതെല്ലാം വകുപ്പുകളിലെ നിയമങ്ങളും ഉത്തരവുകളുമാണ് മലയാളമാക്കിയിട്ടുള്ള-തെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/സ്വയംഭരണ/ പൊതുമേഖല/സഹകരണ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമ പരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യ ങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാ-വശ്യങ്ങൾക്കും മലയാളം ഉപയോഗി ക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഇപ്പോഴും ഇംഗ്ലീഷ് ഭാഷ തന്നെ ഉപയോഗിക്കുന്ന വകുപ്പുകൾ ഏതൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (ബി) | എല്ലാ വകുപ്പുകളിലും ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി പരിശോധന നടത്തി വരുന്നു. 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) 1 ബി വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തേണ്ട കേന്ദ്രസർക്കാർ, കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, ഹൈക്കോടതി, സുപ്രീംകോടതി, അന്യസംസ്ഥാനങ്ങൾ, അന്യരാജ്യങ്ങൾ, സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ, ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ ഇംഗ്ലീഷിലുള്ള കത്തിടപാടുകൾ നടത്താൻ അനുമതി നൽകിയപ്പോഴും അവയുടെ കുറിപ്പുഫയൽ നിർബന്ധമായും മലയാളത്തിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ കേരളത്തിലെ എല്ലാ വകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/സ്വയംഭരണ/ പൊതുമേഖല/സഹകരണ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബാധകമാണ്. |
| (സി) | ഭരണഭാഷ മലയാളമാക്കുന്നതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് തലവൻമാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ